കൊച്ചിയുടെ വികസനത്തെക്കുറിച്ച് ഗവൺമെന്റിന് വ്യക്തമായ ധാരണയുണ്ട്. സമയബന്ധിത നടപടികളുമായി മുന്നോട്ടുപോകാൻ ശ്രമിക്കും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ മറ്റ് നിർദ്ദേശങ്ങളും യഥാസമയം പരിഗണിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. ബാബു: അങ്ങ് പ്രഖ്യാപിച്ച, അല്ലെങ്കിൽ ഇവിടെ അത്യാവശ്യം നടപ്പിലാക്കേണ്ടതായി കണ്ടെത്തിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ഭരണാനുമതി നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഉടൻ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; അതിന് എങ്ങനെ പണം കണ്ടെത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഇലക്ട്രിസിറ്റിയുടെ ഫണ്ടിനെക്കുറിച്ച് ഞാൻ പറഞ്ഞു. 149 കോടി രൂപ. അത് കേന്ദ്ര ഗവൺമെന്റിന്റെകൂടി സ്കീമിൽപ്പെടുത്തിയിട്ടുള്ള ഫണ്ടാണ്. ഒരുമാലിന്യത്തിന് 19.63 കോടി രൂപ. കൊച്ചി നഗരസഭയാണ് ഇതിന്റെ തുക ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതുപോലെ തന്നെ മറ്റ് പദ്ധതികൾ ഡി.പി.ആർ. വന്നശേഷം അതിന്റെ സമഗ്രമായ വികസനത്തിനുള്ളതുകൂടി നോക്കിയാണ് തീരുമാനിക്കാൻ വച്ചിട്ടുള്ളത്. അതുകൊണ്ട് ഓരോ പ്രോജക്ടിനും അതിന്റേതായിട്ടുള്ള ഫണ്ട് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും Urban Sustainable Project-കളിൽ നിന്നും കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൊച്ചിയുടെ വികസനത്തിന് ഫണ്ട് ഒരു തടസ്സമാകാത്ത വിധത്തിൽ പല ഏജൻസികളുമായി ഇതിനകം തന്നെ ബന്ധപ്പെട്ടിട്ടുണ്ട്. അതിനാൽ ഫണ്ട് തടസ്സമാകുമെന്ന് കരുതേണ്ടതില്ല. പക്ഷേ നമുക്ക് ഏറ്റവും ഉതകുന്ന രീതിയിലുള്ള പ്രോജക്ടുകളും അതിന്റെ ഫലപ്രദമായ ഇംപ്ലിമെന്റേഷനുമാണ് ആവശ്യമായിട്ടുള്ളത്. അതാണ് ഗവൺമെന്റ് ലക്ഷ്യമാക്കിക്കൊണ്ടിരിക്കുന്നത്.

VI. സബ്മിഷൻ

(1) ജലസേചന-പൊതുമരാമത്ത് വകുപ്പുകളിലെ സി.എൽ.ആർ.-എച്ച്.ആർ. വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

ശ്രീ. പി. ജെ. ജോയി: സർ, സംസ്ഥാനത്തെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലും പി.ഡബ്ളിയു.ഡി.യിലും ജോലി ചെയ്യുന്ന എച്ച്. ആർ.സി., എൽ. ആർ. ജീവനക്കാരെ എസ്.എൽ.ആർ. ആക്കി മാറ്റണമെന്നുള്ള ആവശ്യമാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അത് ക്യാബിനറ്റിൽ വന്നതാണ്. അവരുടെ എണ്ണം കൂടിയതുകൊണ്ട് കൂടുതൽ പേർക്ക് അതിന്റെ ആനുകൂല്യങ്ങൾ കൊടുക്കേണ്ടിവരും, വളരെയധികം സാമ്പത്തിക ബാധ്യത വരും എന്നതിന്റെ അടിസ്ഥാനത്തിലാണ് അത് റിജക്ട് ചെയ്തതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതിന്റെ പുനഃപരിശോധനയ്ക്ക് മറ്റൊരു നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ ഉദ്ദേശിക്കുകയാണ്. 500 പ്രവൃത്തി ദിവസങ്ങൾ ഉള്ളവരെ ഗ്രേഡ് II ആയും 180 ദിവസം ഉള്ളവരെ എസ്.എൽ.ആർ. ആയുമാണ് അതിൽ പ്രൊപ്പോസ് ചെയ്തിരുന്നത്. എല്ലാവരേയും എസ്.എൽ.ആർ. ആക്കാൻ കഴിയുന്ന ഒരു പുനർചിന്ത ഉണ്ടാകണമെന്നാണ് എന്റെ ഇപ്പോഴുള്ള നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

എസ്.എൽ.ആർ. വിഭാഗത്തിന് പ്രൊവിഡന്റ് ഫണ്ടും പെൻഷനും ഒന്നുമില്ല. അതുകൊണ്ട് എങ്ങനെയെങ്കിലും ഇത് പരിഗണിച്ച് 2000 വരെ ഉള്ളവരെയെങ്കിലും എസ്.എൽ.ആർ. ആക്കി നിയമിക്കാനുള്ള തീരുമാനം ഉണ്ടാകണം. ലിസ്റ്റിൽ എത്ര ആളുകൾ വന്നാലും ഉടനെ തന്നെ നിയമനം കൊടുക്കേണ്ടിവരില്ല, കാരണം ഒഴിവ് വരുന്നത് കണക്കാക്കിയാണ് നിയമനം കൊടുക്കുന്നത്. വലിയ സാമ്പത്തിക ബാധ്യത ഇതുമായി ബന്ധപ്പെട്ടുവരില്ല. അതുകൊണ്ട് അത് പുനഃപരിശോധിക്കണമെന്നുള്ള ആവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തന്നെ വളരെ കൂടുതൽ പേർ ഉള്ളതുകൊണ്ടും വേണ്ടത്ര ഒഴിവുകൾ ഇല്ലാത്തതുകൊണ്ടുമെല്ലാമാണ് അത് റിജക്ട് ചെയ്തത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് പുതിയ നിർദ്ദേശമാണ്. നിശ്ചയമായും അത് പരിശോധിക്കാം. അതിന്റെ പ്രായോഗികവശങ്ങൾ പഠിച്ചിട്ട് അത് സംബന്ധിച്ച് ഒരു തീരുമാനമെടുക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

(2) മങ്കട നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ വർദ്ധിച്ചുവരുന്ന ക്രിമിനൽ കുറ്റങ്ങൾ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മങ്കട മണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ വിവിധ പഞ്ചായത്തുകളിലായി ഏഴ് കൊലപാതകങ്ങൾ നടന്നു. രാത്രിയിൽ നിർത്തിയിട്ടിരിക്കുന്ന ജീപ്പ് കത്തിക്കുക, കലാപരിപാടികൾ നടത്താൻ ഉണ്ടാക്കിയിരുന്ന സ്റ്റേജ് കത്തിക്കുക, പട്ടാപ്പകൽ വീട് കുത്തിത്തുറന്ന് മോഷണം നടത്തുക അങ്ങനെ പലവിധ കുറ്റകൃത്യങ്ങളും പെരുകുകയാണെങ്കിലും ഇതുവരെയും പ്രതികളെ ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. 18-10-2004-ൽ നളിനി എന്ന സ്ത്രീയെ കുളത്തൂരിൽ അവരുടെ വീട്ടിൽ വൈകുന്നേരം എട്ട് മണിയോടെ കൊലചെയ്യപ്പെട്ടതായി കണ്ടു. അതുപോലെ തന്നെ മങ്കട പഞ്ചായത്തിലെ വെള്ളമില്ലാത്ത കിണറ്റിൽ വെവ്വേറെ ദിവസങ്ങളിൽ കൊലചെയ്യപ്പെട്ട രണ്ട് മൃതദേഹങ്ങൾ കണ്ടു. 20 ദിവസം മുമ്പ് മക്കരപറമ്പ് പഞ്ചായത്തിൽ ഉമ്മുക്കുൽസു എന്നു പറയുന്ന 27 വയസ്സുള്ള സ്ത്രീ ദുരൂഹ സാഹചര്യത്തിൽ പൊള്ളലേറ്റ് മരിച്ചുകിടക്കുന്നതായി കണ്ടു. ഇവർ മരിച്ചു കിടന്നിരുന്ന വീട് ആരോ പുറത്തുനിന്ന് പൂട്ടിയിരുന്നതുകൊണ്ടും മൃതദേഹത്തിന്റെ കിടപ്പ് കണ്ടാലും അവരുടെ 90 ദിവസം മാത്രം പ്രായമായ കുഞ്ഞ് ഒരു പോറൽ പോലും ഏൽക്കാതെ തൊട്ടടുത്തറുമിൽ കിടന്നിരുന്നതുകൊണ്ടും ഇതൊരു കൊലപാതകമാണെന്ന് സംശയമുണ്ടായിരുന്നു. പക്ഷേ സത്യസന്ധമായി കേസ് അന്വേഷിക്കാൻ പോലീസ് ശ്രമിക്കുന്നില്ല, പ്രതികളെ രക്ഷിക്കാനാണ് അവിടുത്തെ സി.ഐ. യുടെ ശ്രമമെന്ന് നാട്ടുകാർ ആരോപിക്കുന്നു. അതിവേഗം ഈ കേസ് അന്വേഷിക്കാനും പ്രതികളെ ബഹുദൂരം സഞ്ചരിക്കാൻ അനുവദിക്കാതെ പെട്ടെന്ന് പിടിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly.